
ജില്ലാ വിദ്യാഭ്യാസ പരിശീലന സ്ഥാപനം (ഡയറ്റ്),പാലക്കാട്.

LITTLE SCHOLAR







കുഞ്ഞു പ്രതിഭകളെ വാർത്തെടുക്കാൻ
അധ്യാപകർക്ക് ഒരു കൈത്താങ്ങ്.

# ലിറ്റിൽ സ്കോളർ

## എൽ പി

## മലയാളം.

ശിൽപശാലയിൽ പങ്കെടുത്തവർ

1 ടി മോഹനൻ,ജി എൽ പി എസ് താന്നിക്കുന്ന്.

2 ടി രാജീവ്,എ എൽ പി എസ് പെരിങ്ങോട്.

3 ശാരദാമണി ,ജി എൽ പി എസ് വട്ടേനാട്.

4 അനുക്കുട്ടൻ എം, എ എം എൽ പി എസ് ചാമപ്പറമ്പ്.

5 ശാലിനി എം കെ, ജി എൽ പി എസ് മാരാർക്കുളം.

6 ബിന്ദു പി ,ജി എൽ പി എസ് വാടാനംകുറിശ്ശി.

അക്കാദമിക പിന്തുണ

രാധ കെ വി ,ലക്ചറർ,ഡയറ്റ്,പാലക്കാട്.

നിഷ സി,ലക്ചറർ,ഡയറ്റ് ,പാലക്കാട്.

# ആമുഖം

മികവിന്റെ കേന്ദ്രങ്ങളായി നമ്മുടെ വിദ്യാലയങ്ങളെ മാറ്റുന്നതിനുള്ള തീവ്രയജ്ഞത്തിൽ ആണല്ലോ നാമെല്ലാവരും. വിദ്യാർഥികളുടെ പഠനനിലവാരം തന്നെയാണ് മികവിന്റെ പ്രഥമവും പ്രധാനവുമായ സൂചകം. അതിനുതകുന്ന ഒരു പദ്ധതിയാണ് പ്രതിഭാ പോഷണ പരിപാടി (ലിറ്റിൽ സ്കോളർ) . പ്രതിഭാധനരായി നമ്മുടെ കുട്ടികളെ വളർത്തിയെടുക്കുന്നതിനു ക്ലാസ് റൂം പ്രക്രിയകളിൽ തന്നെയാണുന്നേണ്ടത്. അപഗ്രഥനം ,വിശകലനം,പ്രശ്ന പരിഹരണം, സർഗാത്മകത, വിമർശന ചിന്ത തുടങ്ങി ബുദ്ധിയുടെ ഉയർന്ന ശേഷികളെ നിരന്തരം പ്രയോജനപ്പെടുത്തുമ്പോഴാണ് നമ്മുടെ മസ്തിഷ്കം ക്രിയാത്മകമാകുന്നത്. പഠനപ്രവർത്തനങ്ങൾ അധ്യാപകർ ശാസ്ത്രീയമായും ബോധനശാസ്ത്ര പരമായും ചിട്ടപ്പെടുത്തുമ്പോഴാണ് കുട്ടികൾക്കതിന് അവസരം ലഭിക്കുന്നത്.പ്രതിഭാ പോഷണ പരിപാടിയുടെ ഭാഗമായുണ്ടായ ഈ സമ്പുടം അത്തരത്തിൽ തയാറാക്കപ്പെട്ടതാണ്.മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിൽ ഇത് ഒരു സഹായക ഗ്രന്ഥമാണ്. പക്ഷെ അതിനപ്പുറം പ്രതിഭകളാക്കി കുട്ടികളെ മാറ്റുന്നതിനുള്ള ഒരു പഠന ബോധന സംസ്കാരമാണ് ഇതിന്റെ ദീർഘ ലക്ഷ്യമായി നാം വിഭാവനം ചെയ്യുന്നത്. അധ്യാപകർക്കും കുട്ടികൾക്കും അക്കാദമിക വഴിയിൽ സധൈര്യം സഞ്ചരിക്കാൻ ഇതൊരു കൈത്താങ്ങാകമെന്ന പ്രതീക്ഷയോടെ .........

കെ എം സോമരാജൻ,

പ്രിൻസിപ്പാൾ,

ഡയറ്റ് ,പാലക്കാട്.

## ലിറ്റിൽ സ്കോളർ കൈപ്പുസ്തകത്തിലൂടെ കടന്നു പോവുമ്പോൾ

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ അധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കായി ധാരാളം പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അതിലൊന്നാണ് മത്സര പരീക്ഷ കൾക്കായി തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾ ക്കുള്ള പരിശീലനം.പലപ്പോഴും യാന്ത്രികമായി നടക്കുന്ന ഇത്തരം പരിശീലനങ്ങളും അതിനെ തുടർന്ന് വരുന്ന പരീക്ഷകളിലെ പരാജയവും കുട്ടികളിൽ മാനസിക സംഘർഷം സൃഷ്ടിക്കുന്നതായി കണ്ടതിനാൽ ,പാലക്കാട് ഡയറ്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച പദ്ധതി ആണ് ലിറ്റിൽ സ്കോളർ. പഠന പ്രവർത്തന ങ്ങളോടൊപ്പം തന്നെ തങ്ങളുടെ മുന്നിലുള്ള ഓരോ വിദ്യാർത്ഥികളേയും പ്രതിഭകളാക്കി വളർത്തുന്നത് എങ്ങനെ എന്നതിന് ഒരു ദിശാബോധം നൽകുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ഭാഗമായിപാലക്കാട് ജില്ലയിലെ അധ്യാപകർക്ക് പരിശീലനം നൽകി.അതിന്റെ വെളിച്ചത്തിൽ തിരഞ്ഞെടുക്കപ്പെട്ട അധ്യാപകരുടെ നേതൃത്വത്തിൽ തയ്യാറായ കൈപുസ്തകമാണ് ഇത് ക്ളാസ്സ്റൂം പ്രവർത്തനങ്ങളോടൊപ്പം ഇത്തരം അധിക പ്രവത്തനങ്ങൾ നൽകി എല്ലാ വിദ്യാർത്ഥികളെയും പ്രതിഭകളാക്കി വളർത്തിയെടുക്കാൻ ഇതിലൂടെ സാധിക്കുമെന്ന് കരുതുന്നു.

നാലാം തരത്തിലെ മലയാള പാഠപുസ്തകത്തിലെ ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട് കുട്ടിഅറിഞ്ഞിരിക്കേണ്ട വിവിധ വ്യവഹാര രൂപങ്ങളും അവയുടെ വിലയിരുത്തൽ സൂചകങ്ങളും അടങ്ങിയ ഈ കൈ പുസ്തകം LSS പോലെയുള്ള ഉന്നതനിലവാരമുള്ള പരീക്ഷകളെ നേരിടുന്നതിന് സഹായകമാവും.

ലിറ്റിൽ സ്കോളർ പ്രോഗ്രാം കോർഡിനേറ്റർ,
നിഷ സി,ലക്ചറർ,
ഡയറ്റ്,പാലക്കാട്.

# യൂണിറ്റ് - 1
# അമൃതം

**വ്യവഹാര രൂപങ്ങൾ** :    അനുഭവക്കുറിപ്പ്,ആസ്വാദനക്കുറിപ്പ്,താരതമ്യക്കുറിപ്പ്.



## പ്രവർത്തനം -1
## കാക്കപ്പൂവ്

നെറ്റിയിൽ ചന്ദനപ്പൊട്ടുമായി
മുറ്റത്തു നില്ക്കുന്ന കൊച്ചുപൂവേ
നിന്നെ ഞാൻ നോവാതെ തൊട്ടിടട്ടേ
നിന്മുഖമൊന്നു ഞാൻ കണ്ടിടട്ടേ,
അർക്കനെ നോക്കിച്ചിരിച്ചിടുന്നൂ
മുക്കുറ്റി തൻമുഖം ചെറ്റുയർത്തി
അൻപിൽ നിവർന്നു വിരിഞ്ഞിടുന്നൂ
ശംഖുപുഷ്പത്തിന്റെ നീലനേത്രം.
മോടിയിലാടിക്കളിച്ചിടുന്നൂ
വാടാത്ത മുല്ലയും മല്ലികയും
ഏഴഴകുള്ള കറുപ്പുമേതോ
നീലയും ചേരും നിറവുമായി
നെറ്റിയിൽ ചന്ദനപ്പൊട്ടുമായി -
പ്പട്ടുപോലുള്ള കവിളുമായി
നാണം പുരണ്ട ചിരിയുമായി
നീ മാത്രമെന്തേ കുനിഞ്ഞു നില്ക്കാൻ?

സുഗതകുമാരി

കൂട്ടുകാരേ,
സുഗതകുമാരി ടീച്ചറുടെ 'കാക്കപ്പൂവ് 'എന്ന കവിത വായിച്ചല്ലോ. വളരെ മനോഹരമായ ഈ കവിതയ്ക്ക് നല്ലൊരു ആസ്വാദനക്കുറിപ്പ് എഴുതുമല്ലോ.

സൂചകങ്ങൾ:-
കവി പരിചയം
പ്രധാനാശയങ്ങൾ
ഇഷ്ടപ്പെട്ട വരികൾ
ഈണം, താളം, ശബ്ദഭംഗി,
പദവിന്യാസം, പ്രയോഗഭംഗി
കാഴ്ചപ്പാട് / സന്ദേശം, സ്വന്തം
ജീവിതാനുഭവങ്ങളുമായി തട്ടിച്ചു
നോക്കൽ (അഭിപ്രായം )

## പ്രവർത്തനം -2
## ആസ്വാദനക്കുറിപ്പ്

### ഒരു ഉറക്കുപാട്ട്

എൻ കുഞ്ഞുറങ്ങിക്കൊൾകെ, ൻകുഞ്ഞുറങ്ങിക്കൊൾ -
കെൻ കുഞ്ഞുറങ്ങിക്കൊൾകെന്റെ തങ്കം -
നാളെപ്പുലർകാലത്തുൻമേഷമിന്നേത്തേ -
ക്കാളുമിണങ്ങിയുണർന്നെണീപ്പാൻ.
എല്ലാർക്കും നിദ്രതന്നങ്കത്തിൽ വിശ്രമി_
ച്ചുല്ലാസം കോലുവാൻ കാലമായി;
വെള്ളിച്ചാറൊത്തു വിളങ്ങും നിലാവിതാ,
വെള്ളക്കിടക്ക വിരിച്ചു നീളെ.
മാന്തളിർ തിന്നു മദിച്ചോരിളങ്കുയിൽ
പൂന്തേൻ കുഴമ്പാൽ നിൻ കർണ്ണയുഗ്മം
പാടേ നിറപ്പാനായ്, ത്തൻഗളനാളത്താ-
ലോടക്കുഴലിടയ്ക്കൂതിടുന്നു.
സ്വച്ഛസമീരനെന്നോമനക്കുട്ടന്റെ
നൽച്ചെങ്കുരുന്നൊളിമെയ് തലോടാൻ,
പിച്ചകമുല്ലപ്പൂന്തൊങ്ങൽ ചലിപ്പിച്ചു
പിച്ച നടന്നിതാ വന്നീടുന്നു.



വള്ളത്തോൾ

* സ്വച്ഛസമീരൻ: നിർമലമായ വായു

കൂട്ടുകാരേ,
മഹാകവി വള്ളത്തോളിന്റെ 'ഒരു ഉറക്കുപാട്ട് 'എന്ന കവിത വായിച്ചാസ്വദിച്ചല്ലോ. നിങ്ങൾക്കേറെ ഇഷ്ടപ്പെട്ട ഈ കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കാമോ?

# പ്രവർത്തനം - 3
# അനുഭവക്കുറിപ്പ്

## <u>മഴവെള്ളം</u>

എന്റെ പതിമൂന്നാമത്തെ വയസ്സിൽ ഒരു കർക്കടകത്തിലായിരുന്നു അത്. മഴയുള്ള ഒരു സാധാരണ ദിവസമെന്നേ തോന്നിയുള്ളൂ. രാത്രി ഊണു കഴിഞ്ഞ് ഞങ്ങൾ കിടക്കാൻ തുടങ്ങുമ്പോഴാണ് ഭയങ്കരമായ ഒരു കാറ്റിന്റെ വരവ് കേട്ടത്. അസാധാരണമായ ഒരു മുഴക്കത്തോടെയാണ് അത് വീട്ടിലെത്തിയത്.ദൂരെയുള്ള മരങ്ങളിൽ നിന്ന് കൊമ്പുകളും ഇലകളും പറന്ന് നാലിറയത്തെത്തി നടുമുറ്റം നിറയാൻ തുടങ്ങി. കുത്തഴിക്കുള്ളിലൂടെ മുറിയിലേക്കും അവ വന്നു വീണു. വൃക്ഷങ്ങൾ ആടിയുലഞ്ഞ് പൊട്ടിച്ചീന്തുന്ന ശബ്ദം അകത്തു കേൾക്കാമായിരുന്നു. ഉള്ള വാതിലുകളും ജനലുകളുമെല്ലാം കൊട്ടിയടച്ചു. ഞങ്ങൾ പേടിച്ചു വിറച്ച് തെക്കിനിയിലേക്കും വടക്കിനിയിലേക്കും മാറി മാറി ഓടി. എവിടെപ്പോയാലും രക്ഷയില്ല.ഉറങ്ങാൻ ആർക്കും ധൈര്യമില്ല. അപ്പോഴേക്കും മഴയും പൊട്ടി വീണു. മഴയത്തും കാറ്റത്തുമായി ഇല്ലവളപ്പിലെ മരങ്ങൾ തലങ്ങും വിലങ്ങും കടപുഴകി വീഴാൻ തുടങ്ങി. മരം വീഴുന്ന കൂറ്റൻ അലർച്ച ഇടവിട്ടിടവിട്ട്  കേൾക്കാം. ഭാഗ്യത്തിന് എന്തുകൊണ്ടോ ഇല്ലത്തിന്റെ മേൽപ്പുരയിലേക്ക്  മരമൊന്നും വന്ന് വീണില്ല.

ദേവകി നിലയങ്ങോട്

കൂട്ടുകാരേ,
പ്രസിദ്ധ സാഹിത്യകാരി ദേവകി നിലയങ്ങോട് എഴുതിയ 'മഴവെള്ളം ' എന്ന ലേഖനത്തിലെ മഴയോർമ്മകളാണ് ഇവിടെ നൽകിയിരിക്കുന്നത്. നിങ്ങൾക്കും ഇത്തരം അനുഭവങ്ങളില്ലേ? അത്തരത്തിലൊന്ന് എഴുതാമോ?

**<u>അനുഭവക്കുറിപ്പ് - സൂചകങ്ങൾ</u>**

>ആശയങ്ങൾ ക്രമമായി അവതരിപ്പിക്കുന്നു.
>അനുഭവതീവ്രതയും വൈകാരികതയും ഉണർത്തുന്ന രചന
>മനസ്സിൽ തട്ടുന്ന അവതരണം.
> സന്ദർഭത്തിനു യോജിച്ച പദങ്ങളും പ്രയോഗങ്ങളും ഉപയോഗിക്കൽ

## പ്രവർത്തനം - 4
## അനുഭവക്കുറിപ്പ്

പത്രവാർത്ത

**<u>പൂച്ചയെ രക്ഷിച്ച കുട്ടി</u>**

പാലക്കാട്: ദേശീയപാതയോരത്ത് അപകടത്തിൽപ്പെട്ടു ചലിക്കാനാവാതെ കിടക്കുകയായിരുന്ന പൂച്ചക്കുട്ടിയെ കണ്ണാടി സ്കൂളിലെ മിഥുൻ എന്ന നാലാം ക്ലാസ്സുകാരൻ രക്ഷിച്ചു. പൂച്ചക്കുട്ടിയെ സ്വന്തം വീട്ടിലേക്ക് എടുത്തു കൊണ്ടുപോയി പരിചരിക്കുകയാണ് മിഥുൻ . പൂച്ചക്കുഞ്ഞ് സുഖം പ്രാപിച്ചു വരുന്നു.

പത്രവാർത്ത വായിച്ചില്ലേ ? നിങ്ങൾക്കും ഇത്തരത്തിലുള്ള അനുഭവം ഉണ്ടായിരിക്കുമല്ലോ. അത്തരത്തിലൊരനുഭവം എഴുതാമോ?

**<u>അനുഭവക്കുറിപ്പ് - സൂചകങ്ങൾ</u>**

>ആശയങ്ങൾ ക്രമമായി അവതരിപ്പിക്കുന്നു.
>അനുഭവതീവ്രതയും വൈകാരികതയും ഉണർത്തുന്ന രചന
>മനസ്സിൽ തട്ടുന്ന അവതരണം.
> സന്ദർഭത്തിനു യോജിച്ച പദങ്ങളും പ്രയോഗങ്ങളും ഉപയോഗിക്കൽ

## പ്രവർത്തനം -5
## അനുഭവക്കുറിപ്പ്

ആർത്തലച്ചു പെയ്യുന്ന മഴ.... കൂട്ടിന്  മിന്നലും ഇടിവെട്ടും .... മുറ്റം മുഴുവൻ വെള്ളം.... പുറത്തിറങ്ങാനാവാതെ തന്റെ ഒറ്റമുറിയ്ക്കകത്ത് ഒറ്റപ്പെട്ടു കഴിയുകയാണ് രാമു. തീറ്റ കിട്ടാതെ അലറിക്കരയുന്ന കറുമ്പനാട് ... മഴയൊന്നു തോർന്നിരുന്നെങ്കിൽ.....!

കൂട്ടുകാരേ, രാമുവിന്റെ മഴയനുഭവത്തിന്റെ ചില ഭാഗങ്ങളാണിത്.  ഇത്തരത്തിലുള്ള അനുഭവങ്ങൾ നിങ്ങൾക്കും ഉണ്ടായിക്കാണുമല്ലോ.... അത്തരത്തിലൊന്ന് എഴുതാമോ?



# പ്രവർത്തനം 6
# താരതമ്യക്കുറിപ്പ്

**നീലക്കുയിലേ**

നീലക്കുയിലേ, നീലക്കുയിലേ,
നീയെന്തെന്നൊടു മുണ്ടാത്തേ?
തേമാവൊക്കെപ്പൂത്തട്ടെന്തേ
തേന്തളിർ തിന്നു മദിയ്ക്കാത്തേ?
കാറും മഴയും പോയല്ലാ!
കാടുകളൊക്കെപ്പൂത്തല്ലാ!
മാടത്തക്കിളി പാടി നടക്കും
മാനം മിന്നി വെളുത്തല്ലാ!
എന്നിട്ടും നീയെന്താണിങ്ങനെ -
യെന്നോടൊന്നും മുണ്ടാത്തേ?

ചങ്ങമ്പുഴ കൃഷ്ണപ്പിള്ള

**കിളിത്തൂവൽ**

മുറ്റത്തുലാത്തുമ്പോളെൻ മുന്നിലായൊരു
പക്ഷിതൻ തൂവൽ പറന്നു വീണു.
കാറ്റിന്നലകളിലാലോലമാടിയാ -
ക്കാണാക്കിളിതൻ കിളുന്നു തൂവൽ
താണുതാണങ്ങനെ പാറി വീണു മെല്ലെ;
ഞാനതെടുത്തു തലോടി നിന്നൂ.
പൂവുപോൽ, പൂവിളംപട്ടു പോലുള്ളൊരാ -
ത്തൂവലിൽത്തന്നെ ഞാൻ നോക്കി നിന്നൂ.
ഏതു കിളി തൻ ചിറകൊളിയിൽ നിന്നു -
മേതുമീത്തുള്ളിയിങ്ങിറ്റു വീണു!

ഒ.എൻ.വി.കുറുപ്പ്

ചങ്ങമ്പുഴ കൃഷ്ണപ്പിള്ളയുടേയും ഒ.എൻ.വി.കുറുപ്പിന്റേയും വ്യത്യസ്തമാർന്ന രണ്ടു കവിതകൾ വായിച്ചല്ലോ .കവിതകൾ നന്നായി വായിച്ച് അവയുടെ ആശയങ്ങളും സാമ്യതകളും വിലയിരുത്തി നല്ലൊരു താരതമ്യക്കുറിപ്പ് തയ്യാറാക്കുക .

**സൂചകങ്ങൾ**

*ആശയങ്ങൾ തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ കണ്ടെത്തി എഴുതുന്നു .
* പ്രയോഗഭംഗി, ശബ്ദഭംഗി, ഈണം, താളം, വിശേഷണങ്ങൾ എന്നിവ താരതമ്യം ചെയ്യുന്നു.
* കവിതകൾ വിശകലനം ചെയ്ത് സ്വന്തം അഭിപ്രായം രേഖപ്പെടുത്തുന്നു.
* കവിതകൾ നൽകുന്ന സന്ദേശം, ഉൾക്കാഴ്ച എന്നിവയെ കുറിച്ചുള്ള അഭിപ്രായം രേഖപ്പെടുത്തുന്നു.

## ബഹുവികല്പചോദ്യങ്ങളും വസ്തുനിഷ്ഠചോദ്യങ്ങളും

1. കൃഷ്ണഗാഥയുമായി ബന്ധപ്പെട്ട ശരിയല്ലാത്ത പ്രസ്താവന ഏത്?
a.ഭാഗവതം ദശമസ്കന്ധത്തെ അടിസ്ഥാനമാക്കി രചിക്കപ്പെട്ടിട്ടുള്ള മലയാളത്തിലെ ഉത്കൃഷ്ടകാവ്യം
b. കിളിപ്പാട്ട് പ്രസ്ഥാനത്തിൽപ്പെട്ട കൃതി.
c. മഞ്ജരിവൃത്തത്തിലാണ് രചിക്കപ്പെട്ടിട്ടുള്ളത്.
d.ശ്രീകൃഷ്ണന്റെ ജനനം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കഥ പ്രതിപാദ്യമായ കൃതി
2. കൃഷ്ണഗാഥയുടെ മറ്റൊരു പേര്?
3. മഞ്ഞപ്പാവാട എന്ന പുസ്തകം എഴുതിയതാര്?
4. കോലത്തുനാട്ടിലെ ഉദയവർമൻ രാജാവിന്റെ പണ്ഡിത സദസ്സിലെ അംഗമായിരുന്ന മലയാളകവി?
5. 'ഗാഥ' എന്ന പദത്തിന്റെ അർത്ഥം എന്താണ്?
6. പ്രാചീന കവിത്രയത്തിൽ ഉൾപ്പെടാത്തതാര്?
ചെറുശ്ശേരി,എഴുത്തച്ഛൻ, കുമാരനാശാൻ, കുഞ്ചൻ നമ്പ്യാർ
7. 'കേരള സാഹിത്യചരിത്രം' രചിച്ചത് ആധുനിക കവിത്രയത്തിലെ ഒരു കവിയാണ്. ആരാണ് അദ്ദേഹം?
8. ആധുനിക കവിത്രയം ആരെല്ലാം?
9. 'മൂത്തവൻ കയ്യിൽ നീ വെണ്ണ വെച്ചീടുമ്പോൾ
ആർത്തനായ് നിന്നു ഞാൻ കേഴുംപോലെ '
ഈ വരികളിൽ 'ദുഃഖിതൻ 'എന്ന അർത്ഥം വരുന്ന പദം കണ്ടെത്തി എഴുതുക
10.താഴെ കാണുന്ന പദങ്ങളിൽ നിന്ന് ശരിയായ രൂപം എടുത്ത് എഴുതുക
അഞ്ചിതം - അഞ്ജിതം
അനുബന്ധം - അനുബന്ദം
11. ശക്തിയുടെ കവി എന്നറിയപ്പെടുന്നത് ആര്?
12. കൂട്ടത്തിൽപ്പെടാത്തത് ഏത്?
(കൗമുദി, ക്ഷീരം, ദുഗ്ദ്ധം,പയസ്)

13. മാതൃസ്നേഹത്തിന്റെ ആവിഷ്കാരമായ ഇടശ്ശേരിയുടെ കവിത ഏത്?

14. "അപ്പൊന്നുംനോക്കാതെയമ്മണി നോക്കാതെ
യമ്മതൻ കണ്ണുകൾ ചൂഴ്ന്നെടുത്തു "ഈ വരികൾ ഏതു കവിതയിൽ നിന്നെടുത്തതാണ്?

15. കൂട്ടത്തിൽപ്പെടാത്തത് ഏത്?
(തിങ്കൾ, ശശി, വായസം, ഇന്ദു)

16. പാലക്കാട് ജില്ലയിൽ ജനിച്ച പ്രാചീന കവിത്രയങ്ങളിലെ കവി ആരാണ്?

17. ജാതിചിന്തയുടെ നിരർത്ഥകത ബോധ്യപ്പെടുത്തുന്ന ചണ്ഡാലഭിക്ഷുകിയിലെ മുഖ്യകഥാപാത്രങ്ങൾ?

18. 'സ്നേഹഗായകൻ' എന്നറിയപ്പെടുന്ന മഹാകവി?

19. "സ്നേഹമാണഖിലസാരമൂഴിയിൽ
സ്നേഹസാരമിഹസത്യമേകമാം"

" അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേവിവേകികൾ"

"സ്നേഹിക്കയുണ്ണി നീ നിന്നെ
ദ്രോഹിക്കുന്ന ജനത്തെയും"

"സ്നേഹത്തിൽ നിന്നുദിക്കുന്നു ലോകം
സ്നേഹത്താൽ വൃദ്ധി തേടുന്നു
സ്നേഹംതാൻ ശക്തി ജഗത്തിൽ സ്വയം
സ്നേഹംതാനാനന്ദമാർക്കും"

മുകളിൽ കൊടുത്തിട്ടുള്ള ആശാൻ കവിതകളിൽ പൊതുവായി കാണുന്ന വികാരം എന്ത് ?

20. 2019 ൽ നൂറാം വാർഷികം ആഘോഷിച്ച കുമാരനാശാന്റെ കൃതി ?
21. കുമാരനാശാന്റെ കൃതി അല്ലാത്തത് ഏത്?
(വീണപൂവ്, പുഷ്പവാടി, ഉജ്ജയിനി, നളിനി, ലീല)
22. 'നങ്ങേലി 'എന്ന കഥാപാത്രത്തിന് ജന്മം നൽകിയതാര് ?
23. നിത്യചൈതന്യയതിയുടെ ആദ്യത്തെ പേര് ?
24. 'വ്യാഹതി 'എന്ന പദം സൂചിപ്പിക്കുന്നത്?
25.1931 മെയ് 27 കൊല്ലം ജില്ലയിലെ ചവറയിൽ ജനിച്ചു. അധ്യാപകൻ, കവി, ഗാനരചയിതാവ്, ജ്ഞാനപീഠ ജേതാവ് ഈ പ്രസ്താവനകൾ ഏത് കവിയെക്കുറിച്ചുള്ളതാണ്?
26. 'ബാലമുരളി' എന്ന പേരിൽ പാട്ട് എഴുതിയിരുന്ന കവി ?
27. 'മഞ്ഞുതുള്ളി 'ആരുടെ കൃതിയാണ് ആണ്?
28.'ഒ എൻ വി' യുടെ മുഴുവൻ പേര്?
29. a.സദസ്സിലുള്ള ആൾ എന്നതിന് ഒറ്റപ്പദം?
b.ക്ഷോഭിച്ചിരിക്കുന്നവൻ എന്നതിന് ഒറ്റപ്പദം?
30. തെറ്റായ ജോഡി കണ്ടെത്തുക
ആനനം -മുഖം
അഞ്ചിതം -മനോഹരം
ആർത്തൻ - ആർത്തിയുള്ളവൻ
സ്നാനം - കുളി



31. ചതുരംഗം കളിയിൽ ജയിക്കാനായി ഏതു കരുവിനെ നീക്കാനാണ് രാജ്ഞി താരാട്ടുപാട്ടിലൂടെ ആവശ്യപ്പെട്ടത്?

32.താഴെ തന്നിരിക്കുന്നവയിൽ കള്ളൻ എന്ന പദത്തിനു പകരം പദം കണ്ടെത്തി എഴുതൂ .
(ഭാസ്കരൻ, തസ്കരൻ,ദിനകരൻ,പവനൻ)

33. മഴ

പെയ്തൊഴിഞ്ഞു മഴ
കുളിർകാറ്റിൽ മുങ്ങി
ഇരുണ്ട മാനത്തിൽ
കണ്ണീരായി പെയ്തു മഴ
എവിടെയും നിറയ്ക്കും
ജീവാമൃതം ഇതാ പെയ്യുന്നു .
വെളുത്ത തുള്ളിയായ്
ഇരുണ്ട ചോദ്യങ്ങളിൽനിന്ന്
പൊട്ടി വീഴും ജീവനാണ് മഴ

a. മാനം എന്ന പദത്തിന് പകരം പദങ്ങളായി വരുന്ന രണ്ട് പദങ്ങൾ എഴുതി നോക്കൂ

b. 'ജീവാമൃതം' എന്ന് കവിതയിൽ സൂചിപ്പിച്ചിരിക്കുന്നത് എന്തിനെയാണ്?

34. കുട്ടമത്ത് കുന്നിയൂർ കുഞ്ഞിക്കൃഷ്ണക്കുറുപ്പിന്റെ 'പച്ചക്കിളി' എന്ന കവിത പഠിച്ചിട്ടില്ലേ? തുടർന്ന് വായിച്ചു നോക്കൂ

ഊഞ്ഞാലിലാടി തുടങ്ങീ- കിളി
ചാഞ്ഞു കുഴഞ്ഞു കുലുങ്ങീ.
തൻ പദമൂന്നിയക്കൊമ്പിൽ - പല
ചെമ്പവിഴം ചാർത്തിയമ്പിൽ,
അങ്ങുമിങ്ങും താൻ ചെരിഞ്ഞും - ചിറ-
കങ്ങിനെ ഭംഗ്യാ വിരിഞ്ഞും .
കുങ്കുമ കസ്തൂരി ബിന്ദു -പോലെ
തൻ കണ്ണു ചിമ്മി വിടർന്നു .

a. കവിതയിൽ നിന്ന് അക്ഷരച്ചേർച്ച വരുന്ന രണ്ടു ജോഡികൾ കണ്ടെത്തുക

b. കിളിയുടെ കണ്ണ് ഏത് പോലെയാണ് വിടർന്നത്.?

## ഉത്തരങ്ങൾ

1.കിളിപ്പാട്ട് പ്രസ്ഥാനത്തിൽപ്പെട്ട കൃതി
2. കൃഷ്ണപ്പാട്ട്
3.ഡോക്ടർ കെ. ശ്രീകുമാർ
4.ചെറുശ്ശേരി നമ്പൂതിരി
5. പാട്ട്
6. കുമാരനാശാൻ
7. ഉള്ളൂർ എസ് പരമേശ്വരയ്യർ
8.കുമാരനാശാൻ, വള്ളത്തോൾ നാരായണമേനോൻ, ഉള്ളൂർ എസ് പരമേശ്വരയ്യർ
9.ആർത്തൻ
10.അഞ്ചിതം
അനുബന്ധം
11ഇടശ്ശേരി ഗോവിന്ദൻ നായർ
12.കൗമുദി
13.പൂതപ്പാട്ട്
14.പൂതപ്പാട്ട്
15.വായസം
16.കുഞ്ചൻ നമ്പ്യാർ
17.മാതംഗിയും ആനന്ദൻ എന്ന ബുദ്ധഭിക്ഷുവും
18.കുമാരനാശാൻ
19.സ്നേഹം
20. ചിന്താവിഷ്ടയായ സീത
21.ഉജ്ജയിനി
22. ഇടശ്ശേരി ഗോവിന്ദൻ നായർ
23. ജയചന്ദ്രൻ
24. തടസ്സം
25. ഒഎൻവി കുറുപ്പ്
26. ഒഎൻവി കുറുപ്പ്
27 നിത്യചൈതന്യയതി
28 ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലുക്കുറുപ്പ്
29. a. സദസ്യൻ b.ക്ഷുഭിതൻ
30.ആർത്തൻ- ആർത്തി ഉള്ളവൻ
31.കാലാൾ
32. തസ്കരൻ
33. a.വാനം, ഗഗനം
b.മഴ
34.a.ചാഞ്ഞു കുഴഞ്ഞു
ചെരിഞ്ഞു - വിരിഞ്ഞു
b.കുങ്കുമ കസ്തൂരി ബിന്ദു പോലെ

# യൂണിറ്റ് - 2
# ഹരിതം

**വ്യവഹാര രൂപങ്ങൾ**

*വിവരണം
*ആസ്വാദനക്കുറിപ്പ്
*സ്വതന്ത്രാഭിപ്രായം രേഖപ്പെടുത്തൽ
*പത്രവാർത്ത
*പോസ്റ്റർ
*നാടകം
* കഥ പൂർത്തിയാക്കൽ ( കഥാരചന)

## പ്രവർത്തനം -1
## കുറിപ്പ്



**നമ്മുടെ വനം**

ഭൂമിക്ക് കുളിർമയേകുന്ന വനം... മനുഷ്യന്റെ കടന്നുകയറ്റം വനത്തിനും ഭൂമിക്കും വലിയ നഷ്ടങ്ങൾ വരുത്തി വയ്ക്കുന്നു .മനുഷ്യന്റെ മാത്രമല്ല, സകല ജീവജാലങ്ങളുടേയും നിലനിൽപ്പുതന്നെ അപകടത്തിലായിരിക്കുന്നു. വനത്തിന്റെ പ്രാധാന്യവും അത് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും വ്യക്തമാക്കുന്ന ഒരു കുറിപ്പ് തയ്യാറാക്കുമല്ലോ.

**സൂചകങ്ങൾ:**
* സംക്ഷിപ്തത
* ആശയ വ്യക്തത
* ഒഴുക്ക് / തുടർച്ച
* പ്രധാനാശയങ്ങൾ ഉൾക്കൊള്ളുന്നത്

# പ്രവർത്തനം -2
# പോസ്റ്റർ നിർമാണം

വനനശീകരണം പ്രകൃതിക്കും ജീവജാലങ്ങൾക്കും വലിയ പ്രയാസങ്ങൾ സൃഷ്ടിക്കുന്നു.വനവിഭവങ്ങളുടെ ദുരുപയോഗവും കൊള്ളയും അനുദിനം വർദ്ധിക്കുന്നു. ജീവന്റെ നിലനിൽപ്പുതന്നെ അപകടത്തിലാവുന്ന അവസ്ഥ. വനനശീകരണത്തിനെതിരായ ഒരു പോസ്റ്റർ നിർമ്മിക്കൂ...

***സൂചകങ്ങൾ:***
*കുറിക്കു കൊള്ളുന്ന വാക്കുകൾ / വാക്യങ്ങൾ / ചിത്രങ്ങൾ
*സംക്ഷിപ്തത
*ഭംഗിയുള്ള ലേ ഔട്ട്
*അർഥവ്യാപ്തി / സംവേദനക്ഷമത

# പ്രവർത്തനം - 3
# നിങ്ങൾ യോജിക്കുന്നുവോ?

ചരിഞ്ഞ കാട്ടാനയുടെ വയറ്റിൽ മൂന്നു കിലോ പ്ലാസ്റ്റിക്

കുന്നിടിക്കൽ വ്യാപകം

അനധികൃത മരംവെട്ട് അട്ടപ്പാടി തരിശാകുന്നു.

അനധികൃത ക്വാറികൾ പെരുകുന്നു.

കാട്ടുപന്നികൾ വിളകൾ നശിപ്പിക്കുന്നു.

ഉരുൾപൊട്ടൽ വൻനാശനഷ്ടങ്ങൾ

കൂട്ടുകാരേ, വനവുമായി ബന്ധപ്പെട്ടുവന്ന ഏതാനും പത്രവാർത്തകളാണ് മുകളിൽ നൽകിയിരിക്കുന്നത്. ഇത്തരത്തിലുള്ള ഒട്ടേറെ കാര്യങ്ങൾ നടക്കുന്നത് നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുമല്ലോ ... അവയെ വിലയിരുത്തി നിങ്ങളുടെ അഭിപ്രായം കുറിപ്പു രൂപത്തിൽ എഴുതാമോ?

**സൂചകങ്ങൾ:**

*ആശയങ്ങൾ ശരിയായി വിലയിരുത്തിയിട്ടുണ്ട്

* സ്വന്തം അഭിപ്രായങ്ങളും നിലപാടുകളും വ്യക്തമാക്കുന്നു.

* കാര്യ- കാരണബന്ധം ഉൾക്കൊണ്ടു കൊണ്ട് യുക്തിസഹയായി രേഖപ്പെടുത്തുന്നു

# പ്രവർത്തനം -4
# ആസ്വാദനക്കുറിപ്പ്

## പഴയൊരു നാട്

ഇങ്ങനെയായിരുന്നില്ല പണ്ടീ
നാടന്നു വേറെയൊന്നായിരുന്നു
അന്നീ വയലിൻ കരയിലെല്ലാം
കേടറ്റതെങ്ങുകൾ നിന്നിരുന്നു.

ഉള്ളം നിറഞ്ഞും മുഖം തെളിഞ്ഞും
ഈ നാട്ടിലെങ്ങുമുണ്ടായിരുന്നു,
ആകാശ നീലിമ താണിറങ്ങി -
ക്കണ്ണെഴുതിച്ച ജലാശയങ്ങൾ !
ചായും പകലിന്റെ ചക്രവാളം
ചായം തൊടുവിച്ച പൂമരങ്ങൾ !

വിണ്ടലം വിസ്തൃതമായിരുന്നൂ
പാരിടം പാവനമായിരുന്നു
കാവുകൾക്കെല്ലാം ചമഞ്ഞു നിൽക്കാൻ
പൂവുകളേറെ വിടർന്നിരുന്നു.

പച്ചപ്പരപ്പിൻ മുകളിലൂടെ
പക്ഷികൾ പാറിക്കളിച്ചിരുന്നു
നെൽവയലിന്റെ നിറം പകർത്തി -
ത്തത്തകൾ ചുറ്റിപ്പറന്നിരുന്നു.

നീയുമോർക്കുന്നുവോ കൂട്ടുകാരാ
ആ നാടിതു തന്നെയായിരുന്നോ?
പി. മധുസൂദനൻ

കൂട്ടുകാരേ,
ശ്രീ.പി. മധുസൂദനന്റെ 'പഴയൊരുനാട് ' എന്ന കവിതയാണിത്.
ഇതൊന്നു വായിച്ചു നോക്കൂ... എന്തു നല്ല കവിത! ഈ
കവിതയ്ക്ക് നല്ലൊരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കൂ....

# <u>പ്രവർത്തനം -5</u>
# <u>വാർത്ത തയ്യാറാക്കാം</u>



ചിത്രം സൂക്ഷിച്ചു നോക്കൂ... ഇക്കഴിഞ്ഞ ദിവസം അട്ടപ്പാടിയിൽ നടന്ന സംഭവമാണിത്. ഈ സംഭവത്തെ ഒരു വാർത്തയാക്കി മാറ്റാമോ?

**സൂചകങ്ങൾ**

*ഉചിതമായ തലക്കെട്ട്
* പത്ര ഭാഷ
* സംഭവം നടന്ന സ്ഥലം /സമയം/ആരെല്ലാം ?/ എങ്ങനെയെല്ലാം? / എന്തുകൊണ്ട്?

* സംഭവവുമായി ബന്ധപ്പെട്ട കാര്യങ്ങൾ

* സംഭവത്തിന്റെ സാമൂഹ്യ പശ്ചാത്തലം / രീതി

# പ്രവർത്തനം -6
# പോസ്റ്റർ നിർമാണം



മനുഷ്യരുടെ ഇത്തരം പ്രവർത്തനങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ... പരിസ്ഥിതിക്ക് ഏറെ ദോഷകരമായ ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ ഒരു പോസ്റ്റർ നിർമിക്കൂ.

**സൂചകങ്ങൾ:**
*കുറിക്കു കൊള്ളുന്ന വാക്കുകൾ / വാക്യങ്ങൾ / ചിത്രങ്ങൾ
*സംക്ഷിപ്തത
*ഭംഗിയുള്ള ലേ ഔട്ട്
*അർഥവ്യാപ്തി / സംവേദനക്ഷമത

# പ്രവർത്തനം.-7
# നിങ്ങളുടെ അഭിപ്രായം.

## തേങ്ങൽപ്പാടം

പാടത്ത് മൂവന്തി വന്നു നിന്നു
മേയുന്ന പൈക്കൾ മടക്കമായി.

മാളിക കേറ്റുവാൻ സമ്മതിച്ച്
മണ്ണിട്ടു തൂർക്കുവാൻ ഒപ്പുവച്ച്
തന്റെ ജന്മത്തിന്നൊടുവിലത്തെ
കൊയ്ത്തും മെതിയും കഴിഞ്ഞ പാടം.

പന്തുകളിക്കും കിടാങ്ങളെക്ക-
ണ്ടെന്തിനാവോ വെയിൽ മൂകമായി.
കൈതയോടെന്തോ പറഞ്ഞു നിൽക്കേ,
കാറ്റിന്റെ കൺകൾ നിറഞ്ഞുപോയി.
തള്ളപ്പശുവിന്റെ ചുറ്റുപാടും
തുള്ളിത്തുളുമ്പിച്ചിതറിയോടും
നെറ്റിയിൽ പാണ്ടും മറുകുമുള്ള
കറ്റക്കിടാവിലസൂയയാലേ,
തോട്ടുവരമ്പത്തു ചാരിവെച്ച
സൈക്കിളിൽ താനേ മണി മുഴങ്ങി
ഈ വകയൊന്നുമറിഞ്ഞിടാതെ
ഇത്തിരിപ്പച്ചത്തലപ്പുകളും
പച്ചത്തലപ്പുകൾ വിട്ടുപോകാ-
നിഷ്ടമല്ലാത്തൊരു നീർക്കണവും
കട്ടകൾ വിണ്ട വിടവിലെങ്ങും
കണ്ണാരം പൊത്തിക്കളിച്ചിടുന്നു.

മേഘമൊഴിഞ്ഞ വഴിയിലപ്പോൾ
ദൂരങ്ങൾ മാടിവിളിച്ചിരുന്നു.
ഓർമ്മ തൻ നാട്ടിൽ നിന്നായിരിക്കും
നേർത്തൊരു തേങ്ങലും കേട്ടിരുന്നു.

മോഹനകൃഷ്ണൻ കാലടി

പഴയ കാലത്തിലേക്ക്  നമ്മെ നയിക്കുന്ന ഒരു കവിത. ശ്രീ.മോഹനകൃഷ്ണൻ കാലടിയുടെ 'തേങ്ങൽപ്പാടം'. നമ്മുടെ പഴയ കാല പ്രൗഢിയിലേക്ക് ഒരെത്തി നോട്ടമാണ് ഈ കവിത. വാസ്തവത്തിൽ അത്തരം സൗഭാഗ്യങ്ങളെല്ലാം നമുക്ക് നഷ്ടമായിരിക്കുന്നു. കവിതയിൽ സൂചിപ്പിച്ച പല കാര്യങ്ങളും ഇന്ന് നമുക്ക് അന്യമായിരിക്കുന്നു .പഴയ കാലത്തിന്റെ തികവിനേയും പുതിയ കാലത്തിന്റെ പൊങ്ങച്ചത്തേയും എങ്ങനെയാണ് നിങ്ങൾ നോക്കിക്കാണുന്നത്? നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുമല്ലോ.

## പ്രവർത്തനം -8
## നാടകീകരണം

"മുത്തച്ഛാ, മുത്തച്ഛാ വേനൽക്കാലമായില്ലേ?എന്നാ നമ്മുടെ പൂരം?"
ഉണ്ണിക്കുട്ടൻ ചോദിച്ചു.
"മോനുറങ്ങിക്കോളൂ.. രാത്രി ഏറെയായില്ലേ?"
"ഏയ്, മുത്തച്ഛാ.., അതാ മൺറോഡിലൂടെ വെളിച്ചത്തിന്റെ ഘോഷയാത്ര...ഇരമ്പുന്ന ശബ്ദവും.എന്താ, ഉത്സവം വല്ലതും തുടങ്ങിയോ? പറയൂ മുത്തച്ഛാ..."
"വേല തുടങ്ങാറാവുന്നതേയുള്ളൂ. എന്തായാലും രാവിലെ അന്വേഷിക്കാം."

"പേക്രോം ...പേക്രോം.. "
"എന്താ മുത്തച്ഛാ, പതിവില്ലാതെ തവളകളുടെ കരച്ചിൽ ?"
"വേഗം നടക്കൂ.കുളി കഴിഞ്ഞുടനെ വരണം."
"നീർക്കോലികളും ധാരാളമുണ്ടല്ലോ.
ങേ... ! നമ്മുടെ കുളമെവിടെ ? എവിടെ മുത്തച്ഛാ..."
"അതെ കുളം അവർ നികത്തി ." ദേഷ്യവും സങ്കടവും കലർന്ന സ്വരത്തിൽ ഞണ്ടു പറഞ്ഞു. "
" ഇതിങ്ങനെ വിട്ടാൽ പറ്റില്ല." ഉണ്ണിക്കുട്ടന്റെ വാക്കിന് ദൃഢതയുണ്ടായിരുന്നു. കുളത്തിലെ ജീവികൾ ഉണ്ണിക്കുട്ടനും മുത്തച്ഛനുമൊപ്പം ചേർന്നു. ഇനി എന്താവും നടക്കുക?

**കഥാപാത്രങ്ങളും ആശയങ്ങളും കൂട്ടിച്ചേർത്ത് നാടകമാക്കൂ**

**സൂചകങ്ങൾ:**
*രംഗത്തെക്കുറിച്ചുള്ള സൂചനകൾ ( സ്ഥലം, സമയം, സാമഗ്രികൾ, വസ്തുക്കൾ)
*കഥാപാത്രങ്ങൾക്കനുയോജ്യമായ ഭാഷ
* ശരീരഭാഷ, ഭാവവ്യത്യാസം എന്നിവയുടെ സൂചനകൾ
* സംഭാഷണങ്ങളുടെയും സംഭവങ്ങളുടെയും തുടർച്ച - ഒഴുക്ക്

## പ്രവർത്തനം 9
## വിവരണം തയ്യാറാക്കാം

സ്കൂൾ പൂട്ടിയ സമയത്ത് ജിത്തു കുടുംബത്തോടൊപ്പം കാടു കാണാൻ പോയി . യാത്രകഴിഞ്ഞു വന്ന ജിത്തുവിന് കാട്ടിൽ കണ്ട കാഴ്ചകൾ എല്ലാം ടീച്ചറോടും കൂട്ടുകാരോടും പറയാൻ കൊതിയായി. അവൻ അന്നത്തെ ഓൺലൈൻ ക്ലാസിൽ തന്നെ വോയ്സ് മെസ്സേജ് ആയി എല്ലാം പറയാൻ തുടങ്ങി. അപ്പോൾ ടീച്ചർ പറഞ്ഞു , ഇങ്ങനെ പറഞ്ഞാൽ ആർക്കും ഒന്നും മനസ്സിലാവില്ല കാട്ടിൽ കണ്ട കാഴ്ചകളുടെ ഒരു വിവരണം തയ്യാറാക്കി അയയ്ക്കൂ...

**കൂട്ടുകാരേ, വിവരണം തയ്യാറാക്കാൻ നിങ്ങളും ജിത്തുവിനെ സഹായിക്കുമല്ലോ .**



**സൂചകങ്ങൾ**

തലക്കെട്ട്
ആശയം കൃത്യമായും ക്രമമായും വിവരിച്ചിട്ടുണ്ട്.
പദപ്രയാഗങ്ങൾ ,ഭാഷാശൈലി ഇവ ഉപയാഗിച്ചിട്ടുണ്ട്.

## ബഹുവികല്പചോദ്യങ്ങളും വസ്തുനിഷ്ഠചോദ്യങ്ങളും

1. ചെഞ്ചായം പിരിച്ചെഴുതിയാൽ
 a ചെ + ചായം b. ചെഞ്ച + യം
c. ചെം + ചായം d. ചെ +ഞ്ചായം
2. മനസ്സ് എന്ന അർത്ഥം വരുന്ന പദം താഴെ തന്നിട്ടുള്ളതിലേതാണ്?
a.അനുവേലം b.അംഗം c.അന്തരംഗം d. അനുവാസരം
3."പൊൻപ്രഭാതത്തുടുപ്പിനെ നോക്കിയ -
 പൊൻ മുകുളങ്ങൾ മന്ദഹസിക്കവേ "
അടിവരയിട്ട പദത്തിനു പകരം വരുന്ന പദമേത്?
 a.പുലരി b.മഞ്ഞ് c.ശീതളം d. തുഷാരം
4. ഒരേ അർഥം വരുന്ന ജോഡി താഴെ തന്നിരിക്കുന്നവയിൽ നിന്ന് കണ്ടെത്താമോ?
 a.കണം -ജാതകം b.പ്രാലേയം -തുഷാരം
 c.പുളകം - പുലരി dശീതളം - ശ്യാമളം
5. പ്രഭാതം എന്ന വാക്കിന്റെ എതിർപദം ആയി വരുന്നത് എന്താണ്?
6.ഹിമം ,തുഷാരം , പ്രാലേയം, ചത്വരം കൂട്ടത്തിൽപ്പെടാത്തത് ഏത്?
7.അത്യാഹ്ലാദം പിരിച്ചെഴുതുക
8. അടുത്ത വർഷം ജൂൺ മാസത്തിൽ സ്കൂൾ തുറക്കും എന്ന് നമുക്ക് പ്രത്യാശിക്കാം. കേരളത്തിൽ ജൂൺ മാസം മുതലാണ് സാധാരണ വർഷം ആരംഭിക്കുന്നത്.അടിവരയിട്ട രണ്ട് പദങ്ങൾ കൊണ്ട് അർത്ഥമാക്കുന്നത് എന്താണ്?
 a.കൊല്ലം- മഴ b.കൊല്ലം- കാറ്റ്
 c.മഴ- കൊല്ലം d.മാസം- മഴ
9. തീവണ്ടി.............ശബ്ദത്തോടെ പാഞ്ഞു.
 a.പരപരാ b.ചറപറ
 c.കടകട d.കലപില
10. 2020ൽ നമ്മെ വിട്ടുപിരിഞ്ഞ, പ്രകൃതിയെ ഏറെ ഇഷ്ടപ്പെട്ടിരുന്ന കവയിത്രി സുഗതകുമാരിയുടെ അച്ഛൻ 'കേരളഗാനം'എന്ന കവിത എഴുതിയിട്ടുണ്ട്.അദ്ദേഹത്തിന്റെ പേര്?

# ഉത്തരങ്ങൾ

I. c. ചെം + ചായം
2. അന്തരംഗം
3. പുലരി
4. b പ്രാലേയം -തുഷാരം
5 .പ്രദോഷം
6. ചത്വരം
7. അതി+ ആഹ്ലാദം
8.a. കൊല്ലം - മഴ
9. കടകട
10. ബോധേശ്വരൻ.



# യൂണിറ്റ് 3
# മഹിതം

## വ്യവഹാര രൂപങ്ങൾ :ആത്മകഥ .ആസ്വാദനക്കുറിപ്പ് വിവരണം ( കളി ) ,കഥാ രചന

---

### പ്രവർത്തനം-1



"ഹേയ്... ഇങ്ങോട്ട് നോക്കൂ.... " "തൊടിയിലാരേയും കാണുന്നില്ലല്ലോ." അമ്മു ഒന്നു കൂടി സൂക്ഷിച്ചു നോക്കി.
" ഇവിടെ... മുകളിലേക്ക് നോക്കൂ... "
" ങേ....ആരാണ്? കരിമ്പനയോ.... പറയൂ..." അമ്മുവിനത്ഭുതമായി.
"ഇപ്പോൾ നിങ്ങൾക്കെന്നെ വേണ്ട. "
"എന്താ അങ്ങനെ പറഞ്ഞത്?" എനിക്കൊന്നും മനസ്സിലാവുന്നില്ല.
"അതേയ്...... ഒരു കാലത്ത് ഞാൻ ഒഴിച്ചുകൂടാനാവാത്ത ഒരാളായിരുന്നു. എന്റെ പട്ടകൊണ്ട് മേൽക്കൂര മേഞ്ഞിരുന്നു. കാതലുള്ള തടി കഴുക്കോലായി ഉപയോഗിച്ചിരുന്നു കായയിലെ നൊങ്ക് അതിവിശിഷ്ടമാണ്. ഓല കൊണ്ട് ഓലപ്പടക്കം, കാറ്റാടി,
പനമ്പഴംനട്ടു-പനങ്കൂമ്പ്, അങ്ങനെ അങ്ങനെ ....."പന തന്റെ പഴയകാല പ്രതാപത്തെ കുറിച്ചയവിറക്കി.

കൂട്ടുകാരേ... പനയുടെ ആത്മനൊമ്പരങ്ങളും ഗതകാല പ്രൗഢിയും ചേർത്ത് ഒരു ആത്മകഥ തയ്യാറാക്കാമോ?

**സൂചകങ്ങൾ**
ആത്മാംശം കലർന്ന രചന
ജീവിതാനുഭവങ്ങളെ വികാരതീവ്രതയോടെ അനുഭവവേദ്യമായി അവതരിപ്പിക്കുന്നു.
സംഭവങ്ങളുടെ തുടർച്ച,പരസ്പരബന്ധം,ഒഴുക്ക് എന്നിവ ഉണ്ടായിരിക്കണം

## പ്രവർത്തനം-2
## ആത്മകഥ

"ങേ..... ഇത് വിശ്വസിക്കാമോ......?" കണ്ണുകൾ തിരുമ്മി ഒന്നുകൂടി നോക്കി......'അതെ തന്നെ തേടിത്തന്നെ.....! കാലമേറെയായി മൂലയിൽ സ്ഥാനംപിടിച്ചിട്ട്.... വൈദ്യുതിയില്ലാത്ത മൂന്ന് ദിനങ്ങൾ കടന്നു പോയി.... ഉണ്ണിക്കുട്ടന്റെ അമ്മയതാ തന്റെ  അടുത്തേക്ക് വെള്ളവും മസാലയുമായി ......സന്തോഷം അടക്കാനാവുന്നില്ല..... അവഗണനയുടെ നീണ്ട നാളുകൾക്ക് അറുതി വന്നിരിക്കുന്നു. എന്ന് അടുക്കളയുടെ മൂലയിൽ ഇരിക്കുന്ന അമ്മി സ്വയം പറഞ്ഞു. പരിഗണന ലഭിച്ചിരുന്ന ആ പഴയ 'നല്ല കാലം ' ഓർക്കാതിരിക്കാൻ അമ്മിയ്ക്ക്  കഴിഞ്ഞില്ല. "വെറുമൊരു ശിലയായി ഇരിക്കുകയായിരുന്ന തന്നെ നെഞ്ചിലേറ്റിയിരുന്ന വീട്ടുകാർ ..... താനില്ലാതെ പൂർണത എത്താതിരുന്ന ഒരു കാലം... ക്രമേണ കാര്യങ്ങൾ മാറിമറിഞ്ഞു.... അധ്വാനിക്കാൻ വയ്യാത്ത അവർക്കായി 'പുതിയ സഹായികൾ' എത്തി."പറഞ്ഞിട്ട് കാര്യമില്ല.



കൂട്ടുകാരേ,
 തന്റെ ഇപ്പോഴത്തെ അവസ്ഥയും പൂർവ്വ കാലവും ചിന്തിക്കുകയാണ് അമ്മി . അമ്മിയുടെ ചിന്തകളെല്ലാം ഉൾപ്പെടുത്തി ഒരു ആത്മകഥ തയ്യാറാക്കി നോക്കൂ..

**പ്രവർത്തനം-3**
**ആസ്വദിക്കാം.. കുറിപ്പെഴുതാം..**

മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരിയുടെ "പൂക്കൾ വിളിക്കുന്നു "എന്ന കവിത വായിച്ചു നോക്കൂ.

**പൂക്കൾ വിളിക്കുന്നു**

മുട്ടിയിലേറിയിരിക്കുന്നു  നടു -
മുറ്റത്തെത്തിയ മാവേലി ;
കുട്ടികളെന്തിന്നുണരാത്തൂ ?പൂ -
വട്ടി കഴുത്തിലുടക്കാത്തു ?
നമ്മുടെ കുന്നലനാട്ടിന്നരചൻ
നടുമുറ്റത്തു വസിക്കുമ്പോൾ
പായിൽ ചുരുണ്ടു കിടന്നാലുണ്ണികൾ
പാപികളായിപ്പോമല്ലോ.
ഒട്ടും താമസമരുതേ, മക്കളേ,
വട്ടി കഴുത്തിലണിഞ്ഞാലും
പട്ടിതൾ  തിങ്ങി വിടർന്നൊരീ ഞങ്ങളെ  -
യൊട്ടുക്കു നുള്ളിയെടുത്താലും!
പച്ച പിടിച്ചൊരു മലയാളത്തിൻ
പരിമളമിഴുകും കരൾ പോലെ
ഓണത്തപ്പൻ ചൂടട്ടെ ഞങ്ങളി-
ലോരോപേരെയും മൂർദ്ധാവിൽ !

മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരിയെ നിങ്ങൾക്ക് പരിചയമില്ലേ? അദ്ദേഹത്തിന്റെ പ്രശസ്തമായ ഒരു കവിതയാണ് മുകളിൽ കൊടുത്തിരിക്കുന്നത്. കവിത നല്ല പോലെ വായിച്ച് അതിന്റെ ആശയങ്ങൾ ഒട്ടും ചോർന്നുപോവാതെ ആസ്വാദനക്കുറിപ്പ് എഴുതുക.


# പ്രവർത്തനം-4
# കളി വിവരണം

അവധിക്കാലം .....! കൂട്ടു കൂടലിന്റെ ....
കളിചിരികളുടെ ഉത്സവകാലം ...! മണിക്കുട്ടിയും
കൂട്ടുകാരും ഓരോ ദിവസവും ഓരോ
നാടൻകളികൾ കളിക്കാൻ തീരുമാനിച്ചു.
നാരങ്ങപ്പാല് , ഗോലികളി , തലപ്പന്ത്, ഒളിച്ചുകളി,
വട്ടുകളി ,നൂറാംകോൽ,
ആകാശവും ഭൂമിയും, കോഴിയും കുറുക്കനും ....
കളികളിൽ മുഴുകി ദിനങ്ങൾ നീങ്ങിയത്
അവരറിഞ്ഞില്ല. സ്കൂൾ തുറക്കാറായി .
ഒരു കളിമാസിക തയ്യാറാക്കാൻ അവർ
തീരുമാനിച്ചു. മണിക്കുട്ടി എഴുതിയ കളി
ഏതാവും ?
കൂട്ടുകാരേ, നിങ്ങളും ഇഷ്ടപ്പെട്ട ഒരു കളി
എഴുതില്ലേ... ? വായിച്ചാൽ ആർക്കും ആ കളി
കളിക്കാൻ പറ്റുന്ന തരത്തിൽ എഴുതണേ....



**സൂചകങ്ങൾ:**
*വസ്തുനിഷ്ഠത
*ആശയവ്യക്തത
*പരസ്പരബന്ധം-ഒഴുക്ക്-തുടർച്ച

# പ്രവർത്തനം 5
# ജീവചരിത്രക്കുറിപ്പ്




ശ്രീ.മുരളീധരൻ തഴക്കരയുടെ ജീവിതവുമായി ബന്ധപ്പെട്ട ചില വിവരങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്.അദ്ദേഹത്തിൻെറ ജീവചരിത്രക്കുറിപ്പു തയ്യാറാക്കൂ .

## ബഹുവികല്പചോദ്യങ്ങളും വസ്തുനിഷ്ഠചോദ്യങ്ങളും

1"ഒരു ചെടിയും നട്ടുവളർത്തീ:-
ലോണപ്പൂവെങ്ങനെ നുള്ളാൻ?"
എൻ വി കൃഷ്ണവാരിയർ എഴുതിയ 'ഓണം1987'ലെവരികളാണിത്. ഏത് അവസ്ഥയാണിവിടെ സൂചിപ്പിക്കുന്നത്?
കൃഷി കുറയുന്നു എന്ന അവസ്ഥ

2. 'കൃഷിയിലെ നാട്ടറിവ് ' ആരുടെ കൃതിയാണ്?
മുരളീധരൻ തഴക്കര

3. സമൃദ്ധിയുടെ കാലത്ത് ഭാവിയിലേക്കുള്ള കരുതൽ ഉണ്ടായിരുന്നു എന്നു സൂചിപ്പിക്കുന്ന പത്തായവുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലേത്?
'ഇരുമുറി പത്തായത്തിൽ ഒരു മുറി വിത്തിന് '

4. സ്വന്തം ജീവിതാനുഭവങ്ങൾ മറ്റുള്ളവർക്ക് ആസ്വാദ്യകരമായ രീതിയിൽ അവതരിപ്പിക്കുന്ന സാഹിത്യരൂപം ഏത്?
ആത്മകഥ

5. 'പത്തായം പെറും ചക്കി കുത്തും അമ്മ വയ്ക്കും ഉണ്ണി ഉണ്ണും' ഈ പഴഞ്ചൊല്ലിന്റെ ആശയം എന്താണ്?
a. അധ്വാനിക്കാനുള്ള മടി b.നന്നായി അധ്വാനിക്കുന്നു
c.പത്തായത്തിൽ നിന്നു നെല്ലുണ്ടാകുന്നു d. അമ്മ ചോറു വയ്ക്കുന്നു.
അധ്വാനിക്കാനുള്ള മടി

6. കൂട്ടത്തിൽപ്പെടാത്തത് ഏത്?
പത്തായം, പറ, എഴുത്താണി , മുറം
എഴുത്താണി

7. 'മുളയിലറിയാം വിള 'എന്ന പഴഞ്ചൊല്ലിൻെറ ആശയമായമെന്ത്?
ചെറുപ്പത്തിലേ സ്വഭാവഗുണം വ്യക്തമാകും

8. സമൃദ്ധം എന്ന പദത്തിന്റെ വിപരീതാർത്ഥം ആയി വരുന്ന പദമേത്?
അസമൃദ്ധം, ദു:സമൃദ്ധം ,ദരിദ്രം
ദരിദ്രം

9. ശ്രീ മുരളീധരൻ തഴക്കരയുടെ കൃതികളിൽപ്പെടാത്തത്
a.ഓർമയിലെ കൃഷിക്കാഴ്ചകൾ b.തേൻ നുകരാം പണം നേടാം
c.ആനക്കാരൻ അപ്പുണ്ണി d.കൃഷിയിലെ നാട്ടറിവ്
c.ആനക്കാരൻ അപ്പുണ്ണി

10 പത്തായം പണിയാൻ പ്രധാനമായും ഉപയോഗിച്ചിരുന്നത് ഏതു മരത്തിന്റെ തടിയായിരുന്നു?
a. ശീമക്കൊന്ന, b.തെങ്ങ്, c.ആൽ, d.പ്ലാവ്
പ്ലാവ്

11ആന, കലപ്പ എന്നിവയ്ക്ക് പൊതുവായി ഉപയോഗിക്കാവുന്ന  പദമേത്?

കരി

12.മണ്ണിന്റെ സ്വഭാവം അറിഞ്ഞുവേണം വിത്തു വിതയ്ക്കാൻ എന്ന ആശയം വരുന്ന ചൊല്ല് ഏതാണ്?

നിലമറിഞ്ഞ് വിത്തിടണം

13.ഉടമയുടെ ദൃഷ്ടി ഒന്നാന്തരം വളം എന്ന ചൊല്ലിന്റെ ആശയം എന്ത്?

ഉടമസ്ഥന്റെ മേൽനോട്ടം പോലെ കൃഷി അഭിവൃദ്ധിപ്പെടാൻ മറ്റൊരു വളം ഇല്ല.

14.അത്തത്തിനു വിത്ത് വിതച്ചാൽ പത്തായം പത്തു വേണം എന്ന ചൊല്ലിൻെറ ആശയം എന്താണ്?

അത്തത്തിന് വിതച്ചാൽ നെല്ല് സമൃദ്ധമായി ഉണ്ടാകും

15.കൃഷിക്കാരുടെ മഹത്വത്തെ സൂചിപ്പിക്കുന്ന ചൊല്ല് ഏതാണ്?

ഉഴുതുണ്ണുന്നവനെ തൊഴുതുണ്ണണം

16."ഓരോരോ രാവും കുളിർമയേന്തും
ഓണനിലാവിനാലോളം തുള്ളും -”

ഈ വരികൾ ആരുടേതാണ് ?

ഇടപ്പള്ളി രാഘവൻപിള്ള

17.'കരിമുകിൽ മൂടിയ വിണ്ണിൽ വെളിച്ചം
കാവടി തുള്ളിയണഞ്ഞല്ലോ.’

ഇതിൽ വിണ്ണ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?

ഉ .ആകാശം

18. മടിയിലിരുത്തി എന്ന പദം പിരിച്ചെഴുതുക?

ഉ. മടിയിൽ + ഇരുത്തി

19. തുള്ളി + അണഞ്ഞല്ലോ, ചേർത്തെഴുതിയാൽ

ഉ .തുള്ളിയണഞ്ഞല്ലോ

20. "പൊന്നിൻ കതിർക്കുലയേന്തി മെല്ലെ
വന്നു പോയ് വന്നു പോയ് ചിങ്ങമാസം" .

ആരുടെ വരികൾ?

പി .കുഞ്ഞിരാമൻ നായർ

21."ഞങ്ങൾ മറന്നു പോയി പാടുവാൻ
തേനൂറുമന്നത്തെയോണപ്പുതുമലർപ്പാട്ടുകൾ ".

ആരുടെ വരികൾ?

ഉ .സുഗതകുമാരി

22. "ചിന്നും വെൺമുകിൽ കേസരം പോലെ
മിന്നും ചിങ്ങത്തെക്കാണുവാൻ മേലെ "

ആരുടെ വരികൾ?

ജി.ശങ്കരക്കുറുപ്പ്

23."കുട്ടികളെത്തി കുറ്റിക്കാട്ടിൽ
പൊട്ടി വിടർന്നു പൊന്നോണം
നടുമുറ്റത്തുള്ളോണത്തപ്പ -
ന്നടനേദിച്ചു മുത്തശ്ശി"

ഈ വരികൾ ആരുടേതാണ്?ഏത് കവിതാ സമാഹാരത്തിൽ നിന്നാണ്?

ഉ .ഒളപ്പമണ്ണ, വിടരാത്ത ഓണപ്പൂക്കൾ



# യൂണിറ്റ് - 4
# രസിതം

**വ്യവഹാരരൂപങ്ങൾ :**
**വിളംബരം ,ആസ്വാദനക്കുറിപ്പ് (കഥ ) ,താരതമ്യക്കുറിപ്പ്**
**തത്സമയവിവരണം (ദൃക്സാക്ഷി വിവരണം )**
**നാടകീകരണം (കഥ നാടകമാക്കൽ )**

---

## പ്രവർത്തനം- 1
## വിളംബരം

ഹസ്തിനപുരിയിലെ രാജകുമാരന്മാരാണ് കൗരവരും പാണ്ഡവരും . ധൃതരാഷ്ട്ര മഹാരാജാവിന്റെ മക്കളാണ് കൗരവർ .അനിയൻ പാണ്ഡുവിന്റെ മക്കളാണ് പാണ്ഡവർ . അവർ വിധിപോലെ, ഗുരു ദ്രോണരിൽ നിന്ന് ആയുധ വിദ്യ അഭ്യസിച്ചു .കൗരവരിലെ പ്രമുഖരായ ദുര്യോധനനും ദുശ്ശാസനനും ഗദായുദ്ധത്തിലും, പാണ്ഡുപുത്രരായ ഭീമസേനൻ ഗദായുദ്ധത്തിലും അർജ്ജുനൻ അസ്ത്രവിദ്യയിലും പ്രാവീണ്യം നേടി. അവരുടെ അരങ്ങേറ്റം വരുന്ന ഞായറാഴ്ച രാവിലെ 10 മണിക്ക് ഹസ്തിനപുരിയിൽ നടക്കുകയാണ്. രാജകുമാരന്മാരുടെ അഭ്യാസപ്രകടനങ്ങൾ കാണാൻ പൊതുജനത്തെ അറിയിക്കുന്ന ഒരു വിളംബരം നടത്താൻ ധൃതരാഷ്ട്ര മഹാരാജാവ് മന്ത്രിയോട് കല്പിച്ചു.
**കൂട്ടുകാരേ ...ആ വിളംബരം ഒന്ന് തയ്യാറാക്കാമോ?**



**സൂചകങ്ങൾ**
സംഭവത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.
സ്ഥലം,സമയം, ഇവ സൂചിപ്പിച്ചിട്ടുണ്ട്.
ചടുലമായ/അനുയോജ്യമായ ഭാഷാശൈലി ഉപയോഗിച്ചിട്ടുണ്ട്.

## പ്രവർത്തനം-2 ആസ്വാദനക്കുറിപ്പ്
## ശരിയും തെറ്റും

ബീർബലിന്റെ ബുദ്ധിശക്തിയിൽ അക് ബർ ചക്രവർത്തിക്ക് വലിയ മതിപ്പായിരുന്നു .അതുകൊണ്ടു തന്നെ ബീർബലുമായി സംസാരിക്കുന്നത് ചക്രവർത്തിക്ക് വളരെ താത്പര്യമുള്ള കാര്യമായിരുന്നു .

ഒരിക്കൽ നായാട്ടിനു പോയപ്പോൾ ചക്രവർത്തി ബീർബലിനെയും കൂടെ കൂട്ടി. പതിവ് ചർച്ചക്കിടയിൽ ചക്രവർത്തി ബീർബലിനോട് ഒരു ചോദ്യം ചോദിച്ചു .

"ശരിയും തെറ്റും തമ്മിൽ എത്ര അകലം ഉണ്ട്? താങ്കൾക്ക് പറയാമോ?"

'നല്ല ചോദ്യം '

ആ ചോദ്യം ബീർബലിന് ഇഷ്ടമായി. അദ്ദേഹം അതിനെക്കുറിച്ച് ആലോചിക്കാൻ തുടങ്ങി. ബീർബലിന്റെ ഭാവം കണ്ടപ്പോൾ ചക്രവർത്തിക്ക് ചിരിവന്നു.."എന്താണ് ഒന്നും മിണ്ടാത്തത്? ഉത്തരം മുട്ടിപ്പോയോ?" ചക്രവർത്തി ചോദിച്ചു. .പുഞ്ചിരിച്ചുകൊണ്ട് ബീർബൽ പറഞ്ഞു "ശരിയും തെറ്റും തമ്മിലുള്ള അകലം "വെറും നാലുവിരൽ മാത്രമാണ്."

"വെറുംനാലു വിരലോ?എത്ര വിചിത്രമായ ഉത്തരം!"

അതാണ് സത്യം"

"അങ്ങനെ വെറുതെ പറഞ്ഞാൽ പോരാ തെളിവ് വേണം."

"മഹാത്മൻ, ചെവിക്കും കണ്ണിനും തമ്മിൽ നാലുവിരൽ അകലമല്ലേയുള്ളൂ അത് തന്നെയാണ് തെളിവ്..''

"എന്റെചോദ്യവും ചെവിയും കണ്ണും തമ്മിൽ എന്ത് ബന്ധം?" ചക്രവർത്തി ആകാംക്ഷയോടെ ചോദിച്ചു.

"മഹാത്മൻ ചിലപ്പോൾ ചെവി തെറ്റായ കാര്യങ്ങൾ കേട്ടെന്നു വരാം, എന്നാൽ കണ്ണിൽ കാണുന്നത് ശരിയായിരിക്കും. ശരിയും തെറ്റും തമ്മിലുള്ള അകലം നാലു വിരൽ ദൂരം മാത്രമാണെന്ന് പറയാൻ കാരണം അതാണ്.."

ശരി- തെറ്റുകളെ കാഴ്ചയോടും കേൾവിയോടും ഉപമിച്ചു വിശദീകരിച്ച ബീർബലിന്റെ ഉത്തരം ചക്രവർത്തിക്ക് വളരെ ഇഷ്ടമായി .അദ്ദേഹം ബീർബലിനെ അഭിനന്ദനം കൊണ്ട് പൊതിഞ്ഞു.

കഥ വായിച്ചല്ലോ.....കഥയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കൂ

**സൂചകങ്ങൾ**

കഥയുടെ ആശയം ചുരുക്കി എഴുതിയിട്ടുണ്ട്.
കഥാപാത്രസവിശേഷത ഉൾപ്പെടുത്തിയിട്ടുണ്ട്.
ഇഷ്ടപ്പെട്ട ഭാഗം,കാരണസഹിതം പരാമർശിച്ചിട്ടുണ്ട്.
അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

## പ്രവർത്തനം - 3
## തത്സമയ വിവരണം

ഗവൺമെന്റ് എൽ പി സ്കൂൾ നെല്ലിപ്പാറയിലെ കായിക മേള നടക്കുകയാണ്. അത്യന്തം ആവേശകരമായ, ആൺകുട്ടികളുടെ നൂറു മീറ്റർ ഓട്ടമത്സരത്തിന്റെ ഫൈനൽ .... സ്കൂളിലെ ഏറ്റവും മികച്ച എട്ടു പേരാണ് ഫൈനലിലേക്ക് യോഗ്യത നേടിയിരിക്കുന്നത് .... ഏതാനും നിമിഷങ്ങൾക്കകം മത്സരം ആരംഭിക്കും ....
ഒന്നാമത്തെ ട്രാക്കിൽ ....
രണ്ടാമത്തെ ട്രാക്കിൽ ...
കൂട്ടുകാരേ ,
ഈ വാശിയേറിയ മത്സരത്തിന്റെ തത്സമയ വിവരണം ഒന്നു നടത്തിയാലോ ...
അതൊന്ന് എഴുതൂ ...



**സൂചകങ്ങൾ**
1.കേൾക്കുന്ന ആൾക്ക് സംഭവങ്ങൾ/ കാര്യങ്ങൾ നേരിൽ കാണുന്ന പ്രതീതി ജനിപ്പിക്കുന്നത്
2.ചടുലമായതും ആകാംക്ഷ ജനിപ്പിക്കുന്നതുമായ ഭാഷാ പ്രയോഗം
3.സൂക്ഷ്മാംശങ്ങൾ ഉൾക്കൊള്ളുന്നത്

## പ്രവർത്തനം 4
## തത്സമയ വിവരണം

വള്ളുവനാട്ടിലെ പ്രസിദ്ധമായ പരിയാനമ്പറ്റ പൂരം കാണാൻ ഉണ്ണിക്കുട്ടനും അച്ഛനും പുറപ്പെട്ടു. ജനാരവവും വാദ്യങ്ങളുടെ ഘോഷവും അകലെ നിന്നു തന്നെ കേൾക്കാം ... ക്ഷേത്രത്തിനടുത്തുള്ള കെട്ടിട മുകളിൽ കയറിയാൽ ഉത്സവം നന്നായി കാണാമെന്നതിനാൽ അവർ അങ്ങോട്ട് കയറി... അവിടെയതാ .... പ്രമുഖ ചാനലിലെ തത്സമയവിവരണം .... വിവരണം നടത്തുന്നയാൾക്ക് ചെറിയ തലചുറ്റൽ ... തത്സമയം ആയതിനാൽ മുടങ്ങാനും പറ്റില്ല. "ആരെങ്കിലും നടത്തുമോ ...?"എന്ന അന്വേഷണത്തിൽ ഉണ്ണിക്കുട്ടനതേറ്റെടുത്തു. അവൻ നടത്തിയ ദൃക്സാക്ഷി വിവരണം
ഒന്നെഴുതി നോക്കൂ ... (ജനക്കൂട്ടം ...വിവിധ വേലകളുടെ വരവ് ... നെറ്റിപ്പട്ടവും മുത്തുക്കുടയുമായുള്ള ഗജവീരന്മാർ ... വാദ്യഘോഷങ്ങൾ ... പൂതൻ -തിറ ....കാളവേല ... തേര് ...കച്ചവടക്കാർ ... വെടിക്കെട്ട് ...) ഒന്നും വിട്ടു പോകരുതേ ...



## പ്രവർത്തനം 5
## കഥയെ നാടകമാക്കാം

**ആനേനെ പുഴ്ങ്ങ്ണ കലം**

രാജാവിന് ഒരു മോഹമുണ്ടായി.
കൊട്ടാരത്തിലെ ആനേനെ ഒന്നു വെളുപ്പിക്കണം.
എല്ലാ ആനേം കറുത്തിട്ടാണ്. തന്റെ ആനേനെ വെളുപ്പിച്ചാലെന്താ?
രാജാവ് മന്ത്രിയെ വിളിച്ചു.
"നമ്മുടെ ആനേനെ വെളുപ്പിക്കണം .ഉടനെ വേണം ."
ഇതു കേട്ട മന്ത്രി അന്തം വിട്ടു.
"ആനേനെ വെളുപ്പിക്ക്യേ. രാജാവിന്റ ആജ്ഞ നടപ്പിലാക്കാണ്ടെ പറ്റ്വോ?"
മന്ത്രി അലക്കുകാരനെ വിളിച്ചു. അലക്കുകാരൻ മന്ത്രീടെ മുമ്പിൽ ഓച്ഛാനിച്ചു നിന്നു.
"എന്തിനാ വിളിച്ചത് "
" കൊട്ടാരത്തിലെ ആനേനെ വെളുപ്പിച്ച് തരണം .തുണ്യോളൊക്കെ വെളുപ്പിക്കുന്ന ആളാണല്ലോ .അതോണ്ട് പറയാണ്.വേഗം വേണം രാജകല്പനയാണ്."
ഇതുകേട്ട അലക്കുകാരന്റെ ശ്വാസം നിലച്ച മട്ടായി.
"എത്ര ചള്യായ തുണീം വെളുപ്പിച്ചിട്ടുണ്ട്.
ആനെ എങ്ങന്യാ വെളുപ്പിക്ക്യാ?
തല പോയതന്നെ. " അങ്ങനെ ബേജാറായി നടക്കുമ്പോ അയാൾക്കൊരു ബുദ്ധി തോന്നി.
"തുണ്യാമ്പൊ പുഴുങ്ങി അലക്കണ്ടെ..
ആനെ പുഴുങ്ങാൻ പറ്റ്യേ ഒരു പാത്രം കിട്ടണ്ടേ ആദ്യം ?"
അലക്കുകാരൻ മന്ത്രിയുടെ അടുത്തുചെന്നു പറഞ്ഞു .
" ആനേനെ പുഴുങ്ങാൻ പറ്റിയ ഒരു കലം ണ്ടാക്കിക്കിട്ട്യാൽ ആനേനെ ഞാൻ വെളുപ്പിച്ചു തരാം" .
മന്ത്രി ഉടനെ കലം നിർമ്മാണക്കാരനെ വിളിപ്പിച്ചു.
"കൊട്ടാരത്തിലെ ആനേനെ വെളുപ്പിക്കണം .ആനേനെ പുഴുങ്ങി അലക്കണം. അതിനു പറ്റിയ ഒരു കലണ്ടാക്കി കിട്ടണം .വേഗം വേണം. രാജകല്പനയാണ്.'"
"ആനേനെ പുഴുങ്ങാൻ പറ്റ്യേ കലമുണ്ടാക്കാനോ?
എടങ്ങേറിലായി.
തല പോയതന്നെ. "
കലനിർമാണക്കാരൻ ഭാര്യയോട് ചോദിച്ചു.
" ഞാൻ ചത്താ പിന്നെ നിനക്കാരാണ്ടാവാ?"
അദ്ദേഹത്തിന്റെ കരച്ചിലും പിഴിച്ചിലും കണ്ട് ഭാര്യ ചോദിച്ചു.
"ആരാപ്പൊ ചാവാൻ പോണ്."
കലനിർമ്മാണക്കാരൻ സംഭവമൊക്കെ ഭാര്യയോട് പറഞ്ഞു.
" ങ്ങള് ഒരു കാര്യം ചെയ്യ്. രാജാവിന്റെടുത്ത് പോയി കലണ്ടാക്കാൻ നാല്പത് കൊല്ലത്തെ സമയം വേണമെന്ന് പറയൂ. ബാക്കി കാര്യൊക്കെ ഞാൻ നോക്കിക്കോളാം"
"നാല്പത് കൊല്ലം കഴിഞ്ഞാൽ കലമുണ്ടാക്കാൻ പറ്റ്വോ?.. "
"അതേപ്പോ നന്നായ്യെ .നാൽപതു കൊല്ലത്തിനിടയ്ക്ക് ഒന്നുകിൽ രാജാവ് പെടും ( മരിക്കും) .അല്ലെങ്കി ആനപെടും. അല്ലെങ്കി ഞാൻ പെടും .അല്ലെങ്കി നീ പെടും . പിന്നെന്തിനാ കലം.?"

കൂട്ടുകാരേ .... കഥ ഇഷ്ടപ്പെട്ടില്ലേ. രസകരമായ ഈ കഥയെ നാടകമാക്കാമോ ?

## പ്രവർത്തനം 6
## താരതമ്യക്കുറിപ്പ്

**രണ്ടപ്പം**

അമ്മ രണ്ടപ്പം കൊടുത്തൂ കയ്യി-
ലമ്മണിക്കുട്ടന്നു തിന്മാൻ
ചെങ്കതിരോൻ മറയാറായ് - വാനിൻ
കുങ്കുമപ്പൊട്ടഴിയാറായ്
ഒന്നവൻ തിന്നു, കളിപ്പാൻ - വേറി-
ട്ടൊന്നുമായ്ച്ചെന്നു നിരത്തിൽ
കേറിത്തുളച്ചുടൻ പാഞ്ഞൂ - കാതിൽ
കൂരമ്പു പോലൊരു ശബ്ദം.
"കണ്ണും കരളുമുള്ളോരേ-അയ്യോ!
പുണ്യം പുലർന്ന മാളോരേ,
പൊന്നെജമാൻമാരേ, കാണ്മിൻ - കനി -
ഞ്ഞെന്നെ, പ്പിറവിക്കുരുടൻ.
പട്ടിണികൊണ്ടു പൊരിഞ്ഞേ, പിച്ച -
ച്ചട്ടിയിൽ കാശൊന്നുമില്ലേ!
വല്ലതുമിട്ടേച്ചുപോണേ! തുള്ളി -
ക്കല്ലരിക്കഞ്ഞിനീർ മോന്താൻ ."
അയ്യംവിളിയതു കേട്ടൂ - പൈതൽ
നെയ്യപ്പം ചട്ടിയിലിട്ടു .
തപ്പിയെടുത്തതു തിന്നൂ - പാവ -
മപ്പൊഴേ കുഞ്ഞിനെ വാഴ്ത്തി.
" തമ്പുരാനേ, തരും ദൈവം - കൂലി -
യൻപിലിതി "നെന്നു ചൊല്ലി.
മാറത്തടിച്ചു കരവൂ - ദൂരെ
വേറിട്ടൊരന്ധനുമപ്പോൾ.
ഓടിയൊരോട്ടമായ്പ്പാഞ്ഞൂ - കുട്ടൻ
വീടണഞ്ഞമ്മയെത്തേടി.
അമൃതധാര. ഉള്ളൂർ.എസ്. പരമേശ്വരയ്യർ

അവൾ കുട്ടികൾക്കിടയിൽ കയറി എത്തിനോക്കി. അവിടെ എല്ലും തോലുമായ ഒരു വൃദ്ധൻ കിടന്നു ഞരങ്ങുകയാണ്. എന്തെങ്കിലും കഴിക്കാനായി അയാൾ ചുറ്റും നിൽക്കുന്നവരോട് കൈ നീട്ടുന്നു. കുറെ കുട്ടികൾ അയാളെ കളിയാക്കുന്നുമുണ്ട്. അവൾക്ക് വല്ലാത്ത വിഷമം തോന്നി. ആ വൃദ്ധൻ അവളെ കണ്ടു. അയാൾ മെലിഞ്ഞുണങ്ങിയ കൈകൾ നീട്ടി അവളോട് എന്തോ പറഞ്ഞു. ചില കുട്ടികൾ അപ്പോഴും കൂക്കിവിളിച്ചു. അവൾ പിന്നൊന്നും ചിന്തിച്ചില്ല. ബാഗ് തുറന്ന് ചോറ്റുപാതം പുറത്തെടുത്തു. അതിലെ മുഴുവൻ ചോറും അവൾക്കേറെ ഇഷ്ടമുള്ള മുളക് ചമ്മന്തിയും അയാളുടെ കൈവെള്ളയിലേക്കു പകർന്നുകൊടുത്തു. അയാളുടെ കുഴിഞ്ഞ കണ്ണുകൾ നനഞ്ഞു. ആർത്തിയോടെ അയാൾ ചോറ് തിന്നുതുടങ്ങി. അവസാനത്തെ വറ്റും അയാളുടെ വയറ്റിലെത്തുന്നതുവരെ അവൾ നോക്കിനിന്നു. അവൾക്കെന്തോ പെട്ടെന്ന് കരച്ചിൽ വന്നു. അത് സന്തോഷംകൊണ്ടായിരുന്നു.
- ഡോ. കെ. ശ്രീകുമാറിന്റെ -- "വിശപ്പ്" എന്ന കഥയിൽനിന്ന്

കൂട്ടുകാരേ,
മഹാകവി ഉള്ളൂരിന്റെ 'രണ്ടപ്പം ' എന്ന കവിതയും ഡോ.കെ.ശ്രീകുമാറിന്റെ കഥയും വായിച്ചല്ലോ .... ഇവ താരതമ്യം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കൂ

ബഹുവികല്പ ചോദ്യങ്ങളും വസ്തുനിഷ്ഠചോദ്യങ്ങളും

1.ബീർബലിന്റെ ആദ്യത്തെ പേര് എന്തായിരുന്നു?
2. മഹേശ് ദാസിന് ബീർബൽ എന്ന പേര് നൽകിയത് ആര്?
3.ചക്രവർത്തിയുടെ രാജസദസ്സിലെ 9 മന്ത്രിമാർ അറിയപ്പെട്ടിരുന്നത് ഏത് പേരിലാണ്?
4.കറുത്ത പാറയ്ക്ക് വെളുത്ത വേര്,കടങ്കഥയുടെ ഉത്തരം എന്താണ്?
5. ശരിയായ പദം ഏത്?
(അതിദി,അഥിതി, അതിഥി,അദിതി)
6. നാന്ദി കുറിയ്ക്കുക എന്ന പദത്തിന്റെ ശരിയായ അർത്ഥം
(അവസാനിപ്പിക്കുക,ആരംഭിക്കുക,ഇടയ്ക്കുവച്ച് നിർത്തുക,ഇതൊന്നുമല്ല)
7. 'ആരു പഠിപ്പിക്കും 'എന്ന പാഠഭാഗം വിവർത്തനം ചെയ്തത് ആരാണ്?
8.കൂട്ടത്തിൽപ്പെടാത്തത് ഏത്?
(ലാളിക്കുക, കൊഞ്ചിക്കുക, ദേഷ്യപ്പെടുക, താലോലിക്കുക)
9.'നാടൻകളികളും വിനോദങ്ങളും' എന്ന കൃതി എഴുതിയത് ആര്?
10. 'നതോന്നത' വൃത്തത്തിലെഴുതിയ കുചേലവൃത്തം വഞ്ചിപ്പാട്ട് ആരുടെ കൃതിയാണ്?
11.'നതോന്നത'വൃത്തത്തിൽ കുമാരനാശാൻ എഴുതിയ കവിത ഏതാണ്?
12.നാമങ്ങൾക്കു പകരമായി ഉപയോഗിക്കുന്ന നാമം ഏത്?

# ഉത്തരങ്ങൾ

1. മഹേശ് ദാസ്
2. അക്ബർ ചക്രവർത്തി
3. നവരത്നങ്ങൾ
4. ആനക്കൊമ്പ്
5. അതിഥി
6. ആരംഭിക്കുക
7.ജി.മോഹനകുമാരി
8. ദേഷ്യപ്പെടുക
9. എം വി. വിഷ്ണുനമ്പൂതിരി
10. രാമപുരത്തു വാര്യർ
11.കരുണ
12. സർവനാമം



## ശില്പശാലയിൽ പങ്കെടുത്തവർ

1  ടി.മോഹനൻ . ജി എൽ പി എസ് താനിക്കുന്ന്
2. ടി. രാജീവ് . എ.എൽ.പി.എസ് പെരിങ്ങോട്
3. ശാരദാമണി, ജി.എൽ.പി.എസ് വട്ടേനാട്
4.അനുക്കുട്ടൻ .എം .എ.എം.എൽ.പി.എസ് ചാമപ്പറമ്പ്
5. ശാലിനി എം.കെ, ജി എൽ.പി.എസ് മാരാർകുളം
6.ബിന്ദു.പി., ജി.എൽ.പി.എസ് വാടാനാംകുറിശ്ശി